ക്ഷീര മൃഗസംരക്ഷണ മേഖലയിലെ കർഷകരെയും തൊഴിലാളികളെയും ഇതര തൊഴിലാളി വിഭാഗങ്ങളിലാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. കർഷകരെയും കർഷകത്തൊഴിലാളികളെയും വർഗ്ഗീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ചിട്ടുള്ള ഗൗരവകരമായ പ്രശ്നം ഇതിനകം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഈ പ്രശ്നത്തിൽ ഇതിനകം ഇടപെട്ട് കഴിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ പാർട്ടി ഇന്ന് അത്തരത്തിലുള്ള ഒരു സമരം നടത്തുന്നത് വളരെ നല്ലൊരു കാര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരായി കേരള കോൺഗ്രസിന് ശബ്ദിക്കാൻ സാധിക്കുന്ന ഒരു സാഹചര്യം വന്നതിൽ അതിയായ സന്തോഷം രേഖപ്പെടുത്തിക്കൊണ്ട് ഈ ഗൗരവകരമായ പ്രശ്നം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

(10) കിനാലൂർ എസ്റ്റേറ്റ്

ശ്രീ. യു. സി. രാമൻ: സർ, കൊച്ചിൻ മലബാർ എസ്റ്റേറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിയിൻകീഴിലുള്ള കോഴിക്കോട് ജില്ലയിലെ 2400 ഏക്കർ വരുന്ന എസ്റ്റേറ്റ് സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് 2003-ൽ പബ്ലിക് ടെണ്ടർ വഴി പി.കെ.സി. അഹമ്മദ് കുട്ടി എന്ന ആൾക്ക് വിൽക്കുകയുണ്ടായി. ഈ വിൽപ്പനയോടനുബന്ധിച്ച് എസ്റ്റേറ്റിലെ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി തൊഴിലാളി യൂണിയൻ മാനേജുമെന്റുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ 103 സെന്റ് വീതം 560 തൊഴിലാളികൾക്ക് 600 ഏക്കർ റബ്ബർ മരങ്ങളുള്ള ഭൂമി പതിച്ചുനൽകുകയുണ്ടായി. കഴിഞ്ഞ ഒൻപത് വർഷമായി ഈ ഭൂമി 560 തൊഴിലാളി കുടുംബങ്ങൾ കൈവശം വച്ച് ആദായമെടുത്ത് ഉപജീവനം നടത്തിവരികയാണ്. തൊഴിലാളികളിൽ ഭൂരിപക്ഷം പേരും അവർക്ക് ലഭിച്ച ഭൂമിയിൽ വീടുവച്ച് താമസിച്ചുവരികയുമാണ്. ബാക്കിയുള്ള 1850 ഏക്കർ റബ്ബർ തോട്ടം 600 ഓളം കൃഷിക്കാർ വിലകൊടുത്ത് വാങ്ങി 2003 മുതൽ കൈവശം വച്ച് ആദായം എടുത്തുവരികയാണ്. എന്നാൽ, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിലൂടെ തൊഴിലാളികളും കൃഷിക്കാരും കൈവശം വച്ചു വന്ന ഭൂമി ഐഡന്റിഫൈ ചെയ്ത് കൈവശാവകാശം സംരക്ഷിച്ചിട്ടുണ്ട്. കമ്പനിയും ബിഡ്ഡറും തമ്മിലുള്ള തർക്കത്തിന്റെയും കോടതി നടപടികളുടെയും ഫലമായി ഭൂമിയുടെ ആധാരം ഇതുവരെയും രജിസ്റ്റർ ചെയ്തു നൽകിയിട്ടില്ല. കിനാലൂർ എസ്റ്റേറ്റിലെ 560 തൊഴിലാളി കുടുംബങ്ങളും അതോടൊപ്പം നാല് സെന്റ് മുതൽ 10 സെന്റ് വരെ കൈവശം വച്ചുവരുന്ന ആളുകൾ, വളരെ ചുരുങ്ങിയ ഒരു ഏക്കർ ഭൂമിയുള്ള ആളുകൾ ഇവരെല്ലാം വളരെ ബുദ്ധിമുട്ടുകയാണ്. മറ്റ് വരുമാന മാർഗ്ഗമൊന്നുമില്ലാത്ത ഇത്തരം ആളുകൾക്ക്, കൈവശം വച്ച ഭൂമിയിൽ നിന്നും ആദായമെടുത്ത് ജീവിക്കുന്ന തൊഴിലാളികൾക്ക് ഈ സാഹചര്യം പരിഗണിച്ച് അവരുടെ സ്ഥലം രജിസ്റ്റർ ചെയ്ത് നൽകുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടുവാനുള്ളത്. അതോടൊപ്പം ഈ എസ്റ്റേറ്റ് ഭൂമി സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പത്രങ്ങളിലൂടെ വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. ഏറ്റെടുക്കുന്നതിന് ആരും എതിരല്ല. മറിച്ച്, കാൾ കൊടുത്ത് ഭൂമി വാങ്ങിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്ക് അതിന് മതിയായ രേഖകളില്ല. അവർക്ക് ഭൂമി സ്വന്തമായി കിട്ടിയിട്ടില്ല. ആ രേഖ അവർക്ക് അനുവദിച്ച് അവരുടെ സ്ഥലം രജിസ്റ്റർ ചെയ്ത് കൊടുത്തതിനുശേഷം മറ്റ് നടപടികൾ ആകുന്നതിൽ വിരോധമില്ല എതായാലും ഇത്രയും ആളുകൾക്ക് ആ ഭൂമി രജിസ്റ്റർ ചെയ്ത് നൽകുന്നതിനു വേണ്ടിയുള്ള നടപടി ഉണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, കെഎസ്ഐഡിസി-യുടെ ആഭിമുഖ്യത്തിലുള്ള കിനാലൂർ വ്യവസായ വളർച്ചാകേന്ദ്രത്തിൽ ഇപ്പോഴുള്ളത് ഏകദേശം 310 ഏക്കർ സ്ഥലമാണ്. ഇതിൽ 30 ഏക്കറിൽ ഉഷാ സ്കൂൾ ഓഫ് അത്ലറ്റിക്സ് എന്ന പേരിൽ പ്രശസ്തമായ കായിക പരിശീലനത്തിനുള്ള ഒരു കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. 80 ഏക്കറിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഫുട്ബെയർ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്ന് വരുന്നു. 50 ഏക്കറിൽ ക്ഷീര സംസ്കരണത്തിനുള്ള ഒരു പാർക്ക് തയ്യാറായി വരുന്നു. ബാക്കിയുള്ള സ്ഥലത്ത് വ്യവസായങ്ങൾ ആരംഭിക്കുവാൻ നിരവധി അപേക്ഷകൾ കിട്ടിയിട്ടുണ്ട്. കോഴിക്കോടിന്റെ സമഗ്ര വികസനത്തിനുവേണ്ടി കിനാലൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ വികസനം അത്യന്താപേക്ഷിതമാണ്. ഇപ്പോഴുള്ള വ്യവസായ വളർച്ചാ കേന്ദ്രത്തോട് ചേർന്നുകിടക്കുന്ന ഏകദേശം 2200 ഏക്കർ ഭൂമിയാണ് വളർച്ചാ കേന്ദ്ര വികസനത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഈ ഭൂമി കൊച്ചിൻ മലബാർ എസ്റ്റേറ്റ് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ളതും ഉൽപ്പാദനശേഷി വളരെ കുറഞ്ഞ റബ്ബർ മരങ്ങൾ ഉൾപ്പെട്ടതുമായ സ്ഥലമാണ്. അപ്രകാരം ഏറ്റെടുക്കുന്ന 2200 ഏക്കർ ഭൂമിയിൽ താഴെ പറയുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. എഞ്ചിനീയറിംഗ് SEZ- 250 ഏക്കർ, ടെക്സ്റ്റൈൽ പാർക്ക് - 250 ഏക്കർ, ഹെൽത്ത് ആന്റ് ഫാർമസ്യൂട്ടിക്കൽസ് SEZ- 400 ഏക്കർ, ക്ഷീര സംസ്കരണ പാർക്കിന്റെ വികസനം - 250 ഏക്കർ, സ്പോർട്സ് പാർക്ക് - 250 ഏക്കർ, എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് ഹബ്- 250 ഏക്കർ, കോമൺ ഫെസിലിറ്റീസ്-300 ഏക്കർ, റീഹാബിലിറ്റേഷൻ-300 ഏക്കർ. ഇതിൽ തൊഴിലാളികൾക്ക് അവകാശമായി ലഭിച്ചിട്ടുള്ള ഭൂമിയും ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ നാലു സെന്റും 5 സെന്റും കൈവശക്കാരായ പാവപ്പെട്ട കർഷകരുണ്ടെങ്കിൽ അവരുടെ പ്രശ്നവും പ്രത്യേകം പരിഗണിക്കുന്നതാണ്.

(11) പമ്പ് ഹൗസിന്റെ പുനരുദ്ധാരണം

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, മുന്ന് പഞ്ചായത്തുകളിലേക്ക് കുടിവെള്ളം നൽകുന്ന സുപ്രധാനമായ ഒരു കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസാണ് ഇഞ്ചക്കുണ്ട് പമ്പ് ഹൗസ്. ഇത് കുറുമാലി പുഴയിലുള്ള ഒരു പമ്പ്ഹൗസാണ്. വളരെ നാളുകളായി ഈ പമ്പ്ഹൗസ് ചരിഞ്ഞുകൊണ്ടിരിക്കുകയാണ്. വളരെ ഗുരുതരമായ അവസ്ഥയിലാണ് ഇഞ്ചക്കുണ്ട് പമ്പ്ഹൗസ് നിൽക്കുന്നത്. ഏതുസമയവും കുറുമാലി പുഴയിലേയ്ക്ക് വീണ് ഈ പ്രധാന കുടിവെള്ള പദ്ധതി നിശ്ചലമാകാനുള്ള സ്ഥിതിയുണ്ട്. എത്രയും വേഗം ഈ പമ്പ്ഹൗസ് പുനരുദ്ധരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly